## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ സെനറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്നും പട്ടികജാതിയിൽപ്പെട്ട ഒരംഗം ഉൾപ്പെടെ നാലംഗങ്ങളുടെ തെരഞ്ഞെടുപ്പ്, 2021

[1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ ആക്ടിന്റെ 19-ാം വകുപ്പിൽ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ശീർഷകത്തിൽ (iii)-ാം ഇനം അനുസരിച്ച്]

## വിജ്ഞാപനം

നമ്പർ 10798/ലെജിൻ 3/2021/നി.സെ. തിരുവനന്തപുരം, 2021, ആഗസ്റ്റ് 31.

1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ ആക്ടിലെ 19-ാം വകുപ്പ്, സർവ്വകലാശാലയുടെ തെരഞ്ഞെടുപ്പ് സ്റ്റാറ്റ്യൂട്ടുകളിലെ 100-ാം സ്റ്റാറ്റ്യൂട്ട് എന്നിവ അനുസരിച്ചും 99-ാം സ്റ്റാറ്റ്യൂട്ട് പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിച്ചുകൊണ്ടും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ സെനറ്റിലേയ്ക്ക് കേരള നിയമസഭാ സാമാജികരിൽ നിന്ന് പട്ടികജാതിയിൽപ്പെട്ട ഒരംഗം ഉൾപ്പെടെ നാല് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള അറിയിപ്പ് ചുവടെ ചേർക്കുന്നു.

1. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ സെനറ്റിലേക്ക് പട്ടികജാതിക്ക് സംവരണം ചെയ്തിട്ടുള്ള ഒരു സീറ്റുൾപ്പെടെ ഒഴിവുള്ള നാല് സീറ്റുകൾ നികത്തുന്നതിനായി, കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യത്വമനുസരിച്ച് കേരള നിയമസഭാ സാമാജികരിൽ നിന്ന് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.
2. സ്ഥാനാർത്ഥിക്കോ, അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2021 സെപ്റ്റംബർ 16-ാം തീയതി വ്യാഴായ്ച്ചക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവ് ദിവസങ്ങളൊഴികെ) 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ആഫീസ് മുറിയിൽവച്ച് നാമനിർദ്ദേശ പത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ആഫീസ് മുറിയിൽ വച്ച് 2021 സെപ്റ്റംബർ 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്കെടുക്കുന്നതും, സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നുതന്നെ വൈകുന്നേരം 4 മണിക്ക് നിയമസഭാ സെക്രട്ടേറിയറ്റ് നോട്ടീസ് ബോർഡിലും നിയമസഭ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2021 സെപ്റ്റംബർ 23-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 3 മണിക്ക് മുൻപായി വരണാധികാരിയുടെ ആഫീസിൽവച്ച് വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2021 സെപ്റ്റംബർ 23-ാം തീയതി വ്യാഴാഴ്ച നിയമസഭാ സെക്രട്ടേറിയറ്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്നപക്ഷം 2021 സെപ്റ്റംബർ 27-ാം തീയതി തിങ്കളാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കുന്നതിനുള്ള അവസാന തീയതിയും സമയവും 2021 ഒക്ടോബർ 12-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ടുകളുടെ പരിശോധനയും എണ്ണലും 2021 ഒക്ടോബർ 13-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സെക്രട്ടറിയുടെ ആഫിസ് മുറിയിൽ വച്ച് നടത്തുന്നതാണ്.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ,**
വരണാധികാരി&
സെക്രട്ടറി,
കേരള നിയമസഭ.